തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ

ഫെബ്രുവരി 2025

CTSPCW2403

## താരതമ്യസാഹിത്യ വിവർത്തനപഠനം
## സാഹിതീയ പൊതുമണ്ഡലവും സാമൂഹ്യചലനങ്ങളും

**സമയം : 3 മണിക്കൂർ**
**മാർക്ക് : 100**

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക. (8*5 = 40)**

1. നഗ്നനും മുറിവേറ്റവനുമായ ദളിത് ക്രിസ്തു എന്ന ആശയം സൃഷ്ടിക്കുന്ന നവലോകക്രമത്തെക്കുറിച്ച് ചർച്ച ചെയ്യുക.

2. ജാതിവിമർശനം, മതപ്രവേശനം തുടങ്ങിയ ആശയങ്ങളെ നവോത്ഥാനത്തിന്റെ സവിശേഷമായ പരിസരത്തിൽ വിശകലനം ചെയ്യുക.

3. പൊൻകുന്നം വർക്കിയിൽനിന്ന് സാറാ ജോസഫിൽ എത്തുമ്പോൾ മതവിമർശനത്തിന്റെ സ്വഭാവത്തിൽ വരുന്ന വ്യത്യാസമെന്ത്?

4. കമ്മ്യൂണിസവും മതവും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി സി ജെ തോമസ് അവതരിപ്പിച്ച ആശയങ്ങൾ എന്തെല്ലാം?

5. സർവ്വമത സമ്മേളനം അവതരിപ്പിച്ച ആധുനിക സാമൂഹ്യദർശനം എന്ത് ?

6. ഫുൽമണി എന്നും കോരുണ എന്നും പേരായ രണ്ട് സ്ത്രീകൾ എന്ന നോവലിൽ അവതരിപ്പിക്കുന്ന മതവിമർശനത്തിന്റെ സ്വഭാവം എന്ത്?

7. ജാതിക്കുമ്മിയും സരസ്വതിവിജയവും മതപരിവർത്തനത്തെ നോക്കിക്കാണുന്നതിലുള്ള വ്യത്യാസം എന്ത് ?

8. പൊയ്കയിൽ അപ്പച്ചൻ സ്വയം ഒരു സഭ സ്ഥാപിക്കുന്നതിനുള്ള സാഹചര്യം എന്തായിരുന്നു ?

9. ചന്തുമേനോന്റെ ഇന്ദുലേഖയും പ്രതികാര ദേവതയിലെ നായികയും ആധുനിക കേരളീയ സ്ത്രീത്വത്തെക്കുറിച്ച് നിർവഹിച്ച ഭാവനയുടെ സവിശേഷ മാതൃകയാണ് സമർത്ഥിക്കുക.

10. കേരളീയ നവോത്ഥാനത്തിൽ വൈക്കം സത്യാഗ്രഹത്തിനുള്ള സവിശേഷ സ്ഥാനം എന്ത് ?

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക. (3*20=60)**

11. മതത്തെപ്പറ്റി മാർക്സും ലെനിനും പറഞ്ഞ ആശയങ്ങൾ ക്രോഡീകരിക്കുക.

12. അധ്വാനം മതപരമായ വേർതിരിവുകളെ അതിവർത്തിക്കും, അത് പുതിയ സ്വത്വബോധത്തെ നിർമ്മിക്കും എന്ന കാഴ്ചപ്പാട് അവതരിപ്പിച്ച നാടകമാണ് **'ഇടശ്ശേരിയുടെ കൂട്ടുകൃഷി'** സമർത്ഥിക്കുക.

13. മുസ്ലീങ്ങളുടെ ജീവിതത്തെ സ്പർശിക്കുന്ന ഒരു നാടകത്തിന് മുസ്ലീം സാമുദായിക നാടകം എന്ന് പേരിടാമെങ്കിൽ ഇത് അങ്ങനെയാണ് . ഇത് ഭൂമിയാണ് എന്ന നാടകത്തെക്കുറിച്ചുള്ള കെ ടി മുഹമ്മദിന്റെ പ്രസ്താവനയെ ഉദാഹരണസഹിതം സമർത്ഥിക്കുക.

14. മതത്തെപ്പറ്റി ശ്രീ നാരായണഗുരു അവതരിപ്പിച്ച ആശയങ്ങൾക്ക് സമകാലത്തുള്ള പ്രസക്തി എന്ത് ?

******